

# Lourde Voice

# ലൂർദ്ദ് വോയ്സ്

AUGUST 2020



## LOURDES FORANE CHURCH

GANDHIPURAM, COIMBATORE

WWW.LOURDESFORANE.COM





Commercial Wet Grinder
Available in 3 to 20 Liters



Conventional
Tilting Grinder



Commercial Coconut Scrapper






Commercial Tilting Grinder
Available in 5 to 25 Liters



Commercial Atta Kneader

BEETEX® INDUSTRIES

808, V.K.K. Menon Road, New Sidhapudur,
Coimbatore - 641 044. Ph : 0422 - 2520279, 4387279.
E-mail : beetexgrinderscbe@yahoo.com
Website : www.beetexgrinders.com




# ലൂർദ്ദ് വോയ്സ്

**ഗാന്ധിപുരം, കോയമ്പത്തൂർ**

WWW.LOURDESFORANE.COM

പുസ്തകം 2 | ആഗസ്റ്റ് 2020 | ലക്കം 8


കുർബ്ബാനസമയം:
തിങ്കൾ മുതൽ ശനി വരെ
രാവിലെ 6.15നും വൈകിട്ട്
6.00നും

**ലൂർദ്ദ്വോയ്സ് പാരിഷ് ബുള്ളറ്റിൻ,**
lourdevoicegandhipuram@gmail.com

കുർബ്ബാനസമയം
ഞായർ രാവിലെ 6.15, 8.15.,
10.30,
വൈകിട്ട് 5.30


Chief Editor:
Fr. Thomas Kavungal
Ph: 9443937675
Sub- Editor:
Fr. Alfin Manavalan V C
Ph: 8606479772
Editorial board:
Mrs. Deepa Biju
Mrs. Tina Felix,
Mrs. Ajimol Antony
Mrs. Baby Davis
Sr. Maria Celine
Mr. Poulose
Mr. P. J. James
Mrs. Beena Mathew
Mrs. Deepa Anand
Printing and Publishing:
Mr. Felix P. S.
Ph:9894024729
Mr. Joffy C. J.
Ph: 8903687184
Kaikkars
Mr. Romeo Alosious
Ph: 7871925047
Mr. Sifi Vazhappilly
Ph: 9943855500
Advertisement:
Mr. A. R. Jose
9894031020
Mr. Sijo Jose
9944551415
Secretary:
Sr. Therese John
PRO:
Mr. James M. A.
Ph: 9843316164



എഡിറ്റോറിയൽ

ഇടയമൊഴി

Fail Big

ഇടവക വാർത്തകൾ

കോവിഡ് 19 സഹായഹസ്തം 5-ാം ഘട്ടം

മതബോധനാവാർത്തകൾ

സംഘടനാവാർത്തകൾ

ലോഗോസ് ക്വിസ്

ഓർമ്മിക്കേണ്ട ദിവസങ്ങൾ

സഭാ വാർത്തകൾ

തമിഴ്

Catechism News

Kids Corner

Marian Knowledge




എഡിറ്റോറിയൽ

# ഇന്ത്യൻ സ്വാതന്ത്ര്യദിനവും മറിയത്തിന്റെ സ്വർഗ്ഗാരോപണവും

സഹോദരരെ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്. (ഗലാ 5/13) ഭാരതീയരായ നമുക്ക് ആഗസ്റ്റ് മാസം ദേശസ്നേഹത്തിന്റെയും ആത്മാഭിമാനത്തിന്റേയും ഓർമ്മകളെ ഉണർത്തുന്ന മാസമാണ്. 1947 ആഗസ്റ്റ് 15 മുതൽ ഈ ദിനം നമ്മുടെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യ ദിനമായി ആചരിച്ചു വരുന്നു. ഈ രാജ്യത്തെ ഒരു സ്വതന്ത്രരാഷ്ട്രമാക്കാൻ അദ്ധ്വാനിച്ചു വരുന്ന ദീപത്മായ ഓർമ്മകൾക്ക് മുമ്പിൽ പ്രണാമം ചെയ്യുന്നു. ആഗസ്റ്റ് 15 ന് ഭാരത കത്തോലിക്കരെ സംബന്ധിച്ചിടത്തോളം മറ്റൊരു പ്രാധാന്യം കൂടിയുണ്ട്. ഈശോയുടെ അമ്മയായ പ. കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണം.

1950 നവംബർ 1-ാം തിയ്യതി പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പ മറിയത്തിന്റെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചു. മറിയത്തിന്റെ സ്വർഗ്ഗാരോപണം തന്റെ പുത്രന്റെ ഉത്ഥാനത്തിലുള്ള പങ്കുചേരലും എല്ലാ ക്രൈസ്തവരുടേയും പുനരുത്ഥാനത്തിന്റെ അച്ചാരവുമാണ്. ക്രൈസ്തവ വിശ്വാസികളെ സംബന്ധിച്ചിടത്തോളം ആത്മീയ സന്തോഷത്തിന്റെ ഓർമ്മദിനമാണ്.

'സ്വാതന്ത്ര്യത്തിലേക്ക് ക്രിസ്തു നമ്മെ മോചിപ്പിച്ചു അടിമത്വത്തിന്റെ നുകത്തിന് ഇനിയും നിങ്ങൾ വിധേയരാകരുത്".(ഗലാ 5:1)

നല്ല മനഃസാക്ഷിയല്ലേ സ്വാതന്ത്ര്യം? ക്രിസ്തു സ്വാതന്ത്ര്യം പ്രഖ്യാപിച്ചു; എന്നാൽ മനുഷ്യർ അടിമത്വം പ്രോത്സാഹിപ്പിക്കുന്നു. നല്ല മനസ്സാക്ഷിയുള്ളവരുടെ കുറവ് ഇന്ന് പല കടുംബങ്ങളേയും സമൂഹങ്ങ

ളേയും രാജ്യങ്ങളേയും എന്തിന് ഈ ലോകത്തെതന്നേയും കാർന്ന് തിന്നുന്ന ഒരു പ്രതീതി ജനിപ്പിക്കുന്നില്ലേ? വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾ, തട്ടിപ്പ്, കലഹങ്ങൾ, അക്രമങ്ങൾ, വിദ്വേഷം, പകപോക്കൽ, വൈവാഹിക ബന്ധ തകർച്ച, ബഹുമാനമില്ലായ്മ ഇതെല്ലാം സ്വാതന്ത്ര്യത്തിന്റെ അടയാളങ്ങളാണോ?

സഭ നമ്മെ പഠിപ്പിക്കുന്നു. 'നന്മയുടേയും നീതിയുടേയും ശുശ്രൂഷയിലല്ലാതെ യഥാർത്ഥ സ്വാതന്ത്ര്യമില്ല'. സകല അടിമത്വത്തിനുമെതിരെ പോരാടാനുള്ള അവയെ ജയിക്കാനുള്ള ശക്തിയാണ് സുവിശേഷം നമുക്ക് തരുന്നത്. കാരണം സകല ജനപദങ്ങൾക്കുമുള്ള സ്വാതന്ത്ര്യമായിരുന്നു ക്രിസ്തു.

അമലോത്ഭവയും നിത്യകന്യകയും സ്വർഗ്ഗരോപിതയുമായ ദൈവമാതാവിനെ, നമ്മുടെ വത്സല മാതാവിനെ എന്നവണ്ണം നമുക്ക് സമീപിക്കാം. ലോക ജനതയെ മുഴുവൻ വിറകൊള്ളിക്കുന്ന കൊറോണ എന്ന മഹാമാരിയെ മാതൃപാദങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. സകലരും വലിയ വിശ്വാസത്തോടെ പ്രാർത്ഥിക്കട്ടെ. സ്വാതന്ത്ര്യദിനത്തിന്റെയും സ്വർഗ്ഗാരോപണത്തിന്റേയും സന്തോഷവും ഏവർക്കും സമൃദ്ധമായി ലഭിക്കട്ടെ.

ഇന്ത്യമഹാരാജ്യത്തേയും ലോകം മുഴുവനേയും സമർപ്പിച്ചു പ. അമ്മയുടെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാം.

**സി. മരിയ സെലിൻ**
**എഫ്.സി.സി**



## ഇടയമൊഴി



# 'ലൗദാത്തോ സി'

## (കർത്താവേ, അങ്ങേക്കു സ്തുതി)

ചൈനയിൽ ഉത്ഭവിച്ച് ലോകം മുഴുവൻ അതിവേഗം പടർന്ന് പിടിക്കുന്ന കൊറോണ വൈറസ് അഥവാ Covid 19 കാലഘട്ടത്തിൽ ഉയരുന്ന ചോദ്യ മിതാണ്. മനുഷ്യർ ഈ ഭൂമിയുടെ യഥാർത്ഥ അവകാശികളാണോ? പരി സ്ഥിതി സംരക്ഷണത്തെക്കുറിച്ച് ഫ്രാൻസിസ് മാർപ്പാപ്പ എഴുതിയ ചാക്രി കലേഖനമാണ് (LOUDATO SI) ലൗദാത്തോ സി. 2015 ജൂൺ 18-ാം തിയ്യതി പ്രകാശനം ചെയ്ത ഈ ചാക്രികലേഖനത്തിന്റെ 5-ാം വാർഷികത്തിൽ ഒരു വിചിന്തനം നടത്തുന്നത് ഉചിതമായിരിക്കും.

ലോകമെങ്ങും തുടർച്ചയായി രൂപപ്പെടുന്ന പ്രകൃതിദുരന്തങ്ങളും മാര കരോഗങ്ങളും കാലാവസ്ഥാ വ്യതിയാനങ്ങളുമെല്ലാം ഇന്ന് മനുഷ്യൻ പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടു ന്നു. ഈ ചാക്രികലേഖനത്തിന്റെ അഞ്ചാം വാർഷികം ആഘോഷിക്കുന്ന ഈ അവസരത്തിൽ മാർപ്പാപ്പ പറഞ്ഞു. "നമ്മുടെ പൊതുഭവനമായ ഭൂമി യെയും സമസ്തപരിസ്ഥിതിയെയും സംരക്ഷിക്കുന്നതിന്റെ പ്രാധാ ന്യത്തെ ഇന്ന് നാം നേരിട്ടുകൊണ്ടിരിക്കുന്ന കൊറോണ വൈറസ് രോഗം നമ്മെ ഓർമ്മപ്പെടുത്തുകയാണ്".

ഭൂമിയുടെ നിലവിളിയോട് നാം പ്രത്യുത്തരിക്കണം. മലിനമാകുന്ന മണ്ണും, വിണ്ണും, ജലവും ശുദ്ധീകരിക്കാൻ നാം പോരാടണം. കാർബൺ പുറന്തള്ളുന്ന വലിയ കമ്പനികൾ നിയന്ത്രിച്ചും, ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിച്ചും വനമേഖലയെ നോവിക്കാതെയും കാലാവസ്ഥയെ നാം പരിപാലിക്കണം.

ലളിതമായ ജീവിതമാതൃക നാം പുൽകണം. ജീവിതത്തിലും പ്രവർത്തനത്തിലും ലാളിത്യം നിറയ്ക്കണം. ആഡംബരവും, ധൂർത്തും ഒഴിവാക്കി, കമ്പോളത്തിലെ മാത്സര്യത്തിന്റെ സംസ്കാരം വെടിഞ്ഞ് വ്യക്തി ജീവിതത്തിലും പ്രവർത്തന മണ്ഡലത്തിലും ഒരാൾ തുറന്ന സമീ പനം പുലർത്തണം. മനുഷ്യന്റെ ഉപഭോഗഭ്രാന്തിനാൽ ഭൂമി മലിന മായിക്കൊണ്ടിരിക്കുന്നു. അർഹമായ നീതി ഭൂമിയ്ക്ക് കൊടുക്കാൻ നമ്മൾ ബാധ്യസ്ഥരാണെന്ന് ഈ മാഹമാരി നമ്മെ ഓർമ്മപ്പെടുത്തുന്നു.

Ecological Conversion പരിസ്ഥിതിയുടെ ഒരു ആത്മീയത നാം രൂപപ്പെടുത്തണം. ഈ പ്രപഞ്ചം ദൈവത്തിന്റെ ദാനമാണ് എന്ന തിരിച്ചറിവ് ജീവിതത്തിൽ നാം പുലർത്തേണ്ട ഉദാരതയും, പ്രപഞ്ചവസ്തുക്കളോടുള്ള കരുതലും കരുണയോടെയുള്ള മനോഭാവും ഈ ആത്മീയ ദർശനത്തിന്റെ ഭാഗമാണ്. (LS- 220) ഉത്ഥിതനായ തമ്പുരാൻ ഈ പ്രപഞ്ചത്തിലെ ഓരോ വസ്തുവിലും സന്നിഹിതനാണ്. അവൻ തന്റെ വാത്സല്യം കൊണ്ടും പ്രകാശം കൊണ്ടും അവയെ വലയം ചെയ്യുന്നുണ്ട് എന്ന ഒരു അവബോധമാണ് ഈ ആത്മീയത.

പ്രപഞ്ചത്തിലെ ഓരോ വസ്തുവിനും അതിന്റെ മൂല്യം ഉള്ളതുകൊണ്ട് അതിനെ ആദരിക്കാനും മാനിക്കാനും കഴിയണം. ഓരോ കുഞ്ഞു പക്ഷിയ്ക്കും മൺതരിക്കും നമ്മോട് എന്തോ പറയാനുണ്ട് എന്ന് തിരിച്ചറിയുക. പ്രകൃതിയുടെ സംഗീതം കേൾക്കാൻ കർണ്ണപുടങ്ങളെ ഒരുക്കുക.

ലോക സംഘടനാ നേതാക്കൾ ഒന്നടങ്കം സ്വാഗതം ചെയ്ത ഈ വിശ്വലേഖനം ഐക്യരാഷ്ട്ര സഭയിലും ചർച്ചയായി ആറ് അധ്യായങ്ങളാണ് ഈ ലേഖനത്തിലുള്ളത്. പ്രപഞ്ചം മനുഷ്യന്റെ പൊതുഭവനമാണ്. പരിസ്ഥിതി നശീകരണം തടയുകയാണ് ഈ കാലഘട്ടത്തിന്റെ അടിയന്തിര ആവശ്യം. ഇല്ലെങ്കിൽ വരും തലമുറയോട് നാം ചെയ്യുന്ന കടുത്ത അപരാധമായിരിക്കും.

പ്രപഞ്ചം ദൈവത്തിന്റെ കരവിരുതാണ്. അവയിലെ സമസ്ത ജീവജാലങ്ങൾക്കും അവകാശപ്പെട്ടതാണ് ഭൂമിയെന്നുള്ള വി. ഫ്രാൻസിസ് അസ്സീസിയുടെ ആശയങ്ങൾ നിഴലിടുന്നതാണ് പരിസ്ഥിതി സംരക്ഷണം.

വീണ്ടും ഒരു സ്വാതന്ത്ര്യദിനം നാം ആഘോഷിക്കുമ്പോൾ പ്രകൃതിയെ സംരക്ഷിക്കാൻ നമുക്ക് പ്രതിജ്ഞാബദ്ധരാകാം. പ്രകൃതിയെ നാം സംരക്ഷിക്കുമ്പോൾ അതിനെ നാം സ്നേഹിക്കുമ്പോൾ നമ്മിലും സമൂഹത്തിലും ഉണ്ടാകുന്ന വ്യതിയാനങ്ങൾക്ക് അമേരിക്കൻ സൈക്കോളജി അസ്സോസിയേഷൻ (APA) ചില തെളിവുകൾ നല്കുന്നുണ്ട്. യുവജനങ്ങളിൽ തിന്മയുടെ പ്രവണത കുറയുന്നു. ആത്മവിശ്വാസം വീണ്ടെടുക്കൽ, ആത്മീയ വികാസം സാധ്യമാക്കൽ സമ്മർദ്ദങ്ങൾ കുറയ്ക്കൽ, വൈകാരികതയെ സന്തുലിതമാക്കൽ, ലഹരിയുടെ അടിമത്വത്തിൽ നിന്നും മോചനം എന്നിവ പ്രകൃതിസംരക്ഷണത്തിന്റെ നന്മയാണ്. ഭൗതിക സുഖങ്ങളുടെ അടങ്ങാത്ത അഭിനിവേശം കുറഞ്ഞ് സ്വന്തം മനസ്സിന്റെ നിയന്ത്രണം സ്വയം ഏറ്റെടുക്കാൻ പ്രാപ്തമാകുന്നു. എല്ലാവർക്കും നല്ല ഒരു സ്വാതന്ത്ര്യദിനം ആശംസിക്കുന്നു.

**ഫാ. തോമസ് കാവുങ്കൽ**
വികാരി





# Fail Big....

At present we are in the season of exam result and troubled with the tensions of career decision making. The most irritating questions that our children confronting in this season are: what about your result? How much mark did you score? Which course do you wish to choose? etc. Our children are really fed up. Many a heart breaking incidents are very regular after their failures and bitter experiences.

Why does the world always consider winners are successful? What about the losers? For some, life is only competition and success is the criterion for the satisfaction and the failure is equal to death. If losers were not existent, the present sophisticated world would be void and completely lack something. The world is a blend of losers and winners. Then, why do we perplex our youngsters and kids for their failures.

We teach our kids only to succeed but never teach to face the trials and troubles. This is the only reason why our children easily get hurt and flee from the unexpected failures. There is a misconception in our minds, that fostering a child without knowing the failure is the true symptom of the winner. The parents who are aspiring to get 100% of marks for their children, never aspire their children to handle the series of hurdles they face in the daily lives. Failures are not celebrated as the success is celebrated in the life. When there are worries, anxieties, disturbances, disorders,scuffling and conflicts, we should think that these are momentary and these too will pass. The thought, “there is a rise beyond a sunset” shall be carved in our heart.

For the attention of youngsters, without hardships and troubles, the life is impossible. We may have to battle with our deteriorations of mind and heart. Once, our tears will be turned to smiles. Let us never be a quitter but be an achiever. Fail big to gain big……..

**Fr. Alfin Manavalan VC**
Asst. Vicar

# ഇടവക വാർത്തകൾ

**മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യ ദിനവും**

2020 ഓഗസ്റ്റ് 15 മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യദിനവും ആഘോഷിക്കുകയാണല്ലോ. പരി. അമ്മയോട് ഈ കാലഘട്ടത്തിന്റെ രോഗത്തിൽ നിന്നുള്ള വിമുക്തിക്കുവേണ്ടിയും ഇപ്പോൾ അതിർത്തി തർക്കങ്ങൾ രൂക്ഷമാകുന്ന ഭാരതത്തിനുവേണ്ടിയും നമുക്ക് തീക്ഷണതയോടെ പ്രാർത്ഥിക്കാം. പാപത്തെ തോല്പിച്ച് സ്വർഗ്ഗാരോപിതയായ അമ്മേ. പാപത്തെ അതിജീവിക്കാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. ഏവർക്കും സ്വർഗ്ഗാരോപണ തിരുനാളിന്റെ മംഗളങ്ങളും ഇന്ത്യൻ സ്വാതന്ത്ര്യദിനാശംസകളും നേരുന്നു. കടമുള്ള ദിവസമാണെന്ന് ഓർമ്മപ്പെടുത്തുന്നു. എല്ലാവരും വിശുദ്ധ കുർബാനയിൽ (Online) പങ്കെടുക്കുവാൻ പരിശ്രമിക്കുമല്ലോ.

**ജപമാലയിലെ ലുത്തിനിയായിൽ കന്യകാമാതാവിന് മൂന്ന് സംബോധനകൾ**

ജപമാലയിലെ ലുത്തിനിയായിൽ ഫ്രാൻസിസ് മാർപ്പാപ്പ മൂന്ന് യാചനകൾ കൂട്ടിച്ചേർത്തു. ആധുനിക കാലത്തെ ജീവിതത്തിലെ പ്രതിസന്ധികളുടെ പശ്ചാത്തലത്തിലാണ് കന്യകാമാതാവിന്റെ മാദ്ധ്യസ്ഥം മൂന്ന് മേഖലകളിൽ ഓർമ്മിച്ചത്. **1. കരുണയുടെ മാതാവേ** എന്ന യാചനലുത്തിനിയായിലെ തിരുസഭയുടെ മാതാവേ എന്നതിനും **2. പ്രത്യാശയുടെ മാതാവേ** എന്നത് ദൈവവരപ്രസാദത്തിന്റെ മാതാവേ എന്നതിനും **കുടിയേറ്റക്കാരുടെ ആശ്വാസമേ** എന്നത് **പാപികളുടെ സങ്കേതമേ** എന്നതിനും ശേഷം കൂട്ടി ചേർക്കണം. 1587 ലാണ് ഇറ്റലിയിൽ പ്രചാരത്തിലിരുന്ന മാതാവിന്റെ കീർത്തനം സിക്സ്റ്റസ് അഞ്ചാമൻ മാർപ്പാപ്പയാണ് സഭയുടെ ഉപയോഗത്തിനായി അംഗീകാരം നല്കിയത്. 1980 വി. ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ തിരുസഭയുടെ മാതാവേ എന്നും 1995 ൽ കുടുംബങ്ങളുടെ രാജ്ഞി എന്നും പുതിയ സംജ്ഞകൾ കൂട്ടിച്ചേർത്തു. കുടുംബപ്രാർത്ഥനയിൽ ഈ യാചനകൾ കൂട്ടിചേർത്ത് ചൊല്ലാൻ എല്ലാവരെയും ഓർമ്മപ്പെടുത്തുന്നു.

**സഹനത്തിന്റെ സങ്കീർത്തനം. വി. അൽഫോൻസാമ്മ**

ജൂലൈ 28-ാം തിയ്യതി വി. അൽഫോൻസാമ്മയുടെ  തിരുനാൾ സഭ ആച രിക്കുന്നു. 1910 ആഗസ്റ്റ് 10 ന്  കുടമാളൂരിൽ ജനിച്ച് 1946 ജൂലൈ 28 ന് ഈ ലോകത്തോട് യാത്ര പറഞ്ഞ് നിത്യ സമ്മാനത്തിലേക്ക് വിളിക്കപ്പെട്ട സഹ നപുത്രിയാണ് വി. അൽഫോൻസമ്മ. 36 വർഷം മാത്രം  ഈ ഭൂമിയിൽ ജീവിച്ച സഹനത്തിന്റെ മാതൃക വി. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥം തേടാം. എല്ലാ അൽഫോൻസാ നാമധാരികൾക്കും സെന്റ് അൽഫോൻസാ യൂണിറ്റിലെ എല്ലാ കുടുംബങ്ങൾക്കും തിരുനാൾ മംഗള ങ്ങൾ നേരുന്നു.

**ലോഗോസ് ക്വിസ് 2020 (Logos Quiz 2020)**

ലോഗോസ് ക്വിസ് രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. ഇടവകയിൽ എല്ലാ വരും ലോഗോസ് ക്വിസ്സിൽ പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. മാതൃ വേദി, പിതൃവേദി, SMYM മതാധ്യാപകർ, മതബോധന വിദ്യാർത്ഥികൾ, യൂണിറ്റ് ഭാരവാഹികൾ, യൂണിറ്റിൽ നിന്നുള്ള കുടുംബാംഗങ്ങൾ എല്ലാവരും നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്.

| **പഠനഭാഗം** | | Chapters |
|---|---|---|
| നിയമാവർത്തനം | (Deuteronomy) | 22-34 |
| പ്രഭാഷകൻ | (Sirach-) | 18-22 |
| 1 കൊറിന്തോസ് | (1 Corinthians) | 1-8 |
| വി മർക്കോസ് | (St. Mark) | 1-8 |

സെപ്റ്റംബർ 27-ാം തിയ്യതി 2.00 മണി മുതൽ 3.30 വരെയാണ് ലോഗോസ് ക്വിസ് നടത്തപ്പെടുന്നത്. ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ട അവ സാന തിയ്യതി ഓഗസ്റ്റ് 15. എല്ലാവരും പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തു ന്നു.

**കൈക്കാരന്മാരുടെ ഓഫീസ്**

ഇടവകയിൽ കൈക്കാരന്മാർക്ക് കൂടുതൽ സൗകര്യത്തോടെയുള്ള ഓഫീസ് സജ്ജമാക്കി. സോഷ്യൽ സെന്ററിന്റെ ഒരു ഭാഗം ഉൾപ്പെടുത്തി യാണ് ഓഫീസ് പ്രവർത്തനത്തിനായി ഒരുക്കിയിരിക്കുന്നത്. ജൂൺ 21-ാം തിയ്യതി ഞായറാഴ്ച വെഞ്ചിരിപ്പുകർമ്മം. ലളിതമായി നടത്തി. യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. കൈക്കാരന്മാർക്ക് തുടർപ്രവർത്തനങ്ങൾക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയ ജിയോയ്ക്ക് പ്രത്യേകം നന്ദി പറയുന്നു.

**പ്രതിനിധിയോഗം**

ഇടവകയിലെ പ്രതിനിധിയോഗങ്ങളുടെ കാലാവധി (2017-2020) പൂർത്തി

യാകുന്നതിനാൽ അംഗങ്ങളെ തിരഞ്ഞെടുത്ത് രൂപതയിൽ നിന്ന് അംഗീകാരം ലഭിക്കേണ്ടതുണ്ട്. കുടുംബയൂണിറ്റുകളിൽ നിന്നും സംഘടനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഉൾപ്പെട്ട പ്രതിനിധയോഗം മാത്രമേ ഈ കോവിഡ് 19 കാലഘട്ടത്തിൽ ചേരാൻ സാധിക്കുകയുള്ളൂ. ഏവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**യൂണിറ്റ് മദ്ധ്യസ്ഥരുടെ തിരുനാൾ**

ഇടവകയിലെ മൂന്നു കുടുംബയൂണിറ്റുകൾ അവരുടെ യൂണിറ്റ് മദ്ധ്യസ്ഥരുടെ തിരുനാൾ കൊണ്ടാടി. ജൂൺ 28-ാം തിയ്യതി സെന്റ് പോൾ, സെന്റ് പീറ്റർ യൂണിറ്റുകളും ജൂലൈ 3-ാം തിയ്യതി സെന്റ് തോമസ് യൂണിറ്റും. ഇന്നത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് യൂണിറ്റുകളെ പ്രതിനിധീകരിച്ച് ഭാരവാഹികൾ 5 പേർമാത്രം വി. കുർബാനയിൽ പങ്കെടുത്ത് കാഴ്ച സമർപ്പണം നടത്തി. തുടർന്ന് നേർച്ച വെഞ്ചരിച്ച് യൂണിറ്റുകളിലെ ഓരോ കുടുംബങ്ങളിലും യൂണിറ്റ് ഭാരവാഹികളുടെ നേതൃത്വത്തിൽ വിതരണം ചെയ്യുകയുണ്ടായി. ഭാരവാഹികൾ ചെയ്ത സേവനങ്ങൾക്കും, നേതൃത്വത്തിനും പ്രത്യേക അഭിനന്ദനങ്ങൾ. വി. പത്രോസ്, വി. പൗലോസ്, വി. തോമസ് ശ്ലീഹന്മാരുടെ മാദ്ധ്യസ്ഥം ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ബൈബിൾ പാരായണം 100 ദിവസങ്ങൾ**

ഇടവകയിലെ കുടുംബങ്ങൾ ഒന്നിച്ച് ബൈബിൾ പാരായണം ആരംഭിച്ചിരിക്കുന്നു. ഈ കാലഘട്ടത്തിന്റെ മഹാമാരിയെ ദൈവവചനംകൊണ്ട് നേരിടാൻ നമുക്കു സാധിക്കട്ടെ. കുടംബത്തിലെ എല്ലാ അംഗങ്ങളും വ്യക്തിപരമായി വചനം വായിച്ച് നമ്മെ സ്പർശിക്കുന്ന വചനങ്ങൾ എഴുതി അത് കുടുംബത്തിന്റെ ബൈബിൾ ആകും. ഉൽപത്തി മുതൽ വെളിപാടുവരെ 100 ദിവസങ്ങൾ കൊണ്ട് ബൈബിൾ പാരായണം പൂർത്തിയാകുന്ന രീതിയിൽ ആണ് വചന വായനക്രമം നല്കിയിരിക്കുന്നത്. തിന്മയുടെ സ്വാധീനം മാറി, ബന്ധനങ്ങൾ, തടസ്സങ്ങൾ എല്ലാം നീങ്ങി വചനാഭിഷേകത്താൽ നമ്മുടെ കുടുംബങ്ങൾ നിറയട്ടെ. ഈ മഹാമാരിയെ തോല്പിക്കാൻ ദൈവ വചനം നമ്മെ ശക്തിപ്പെടുത്തട്ടെ. ജൂലൈ 3-ാം തിയ്യതി ബൈബിൾ പാരായണം ആരംഭിച്ച് ഒക്ടോബർ 10-ാം തിയതി പൂർത്തിയാക്കുന്ന ക്രമമനുസരിച്ച് കുടുംബത്തിലെ എല്ലാ അംഗങ്ങളും വചനം വായിക്കണമെന്നും ഓർമ്മപ്പെടുത്തുന്നു.

| 100 Days of Bible Reading | | | | | | |
|---|---|---|---|---|---|---|
| Days | Old Testament | | | | New Testament | |
| **July**<br>3 | Genesis<br>ഉൽപ | 1-5 | Psalms<br>സങ്കിർത്ത. | 1-3 | St. Mathew<br>വി. മത്താ | 1-2 |
| 4 | ” | 6-10 | ” | 4-6 | ” | 3-4 |
| 5 | ” | 11-15 | ” | 7-9 | ” | 5-6 |
| 6 | ” | 16-20 | ” | 10-12 | ” | 7-8 |
| 7 | ” | 21-25 | ” | 13-15 | ” | 9-10 |
| 8 | ” | 26-30 | ” | 16-18 | ” | 11-12 |
| 9 | ” | 31-35 | ” | 19-21 | ” | 13-14 |
| 10 | ” | 36-40 | ” | 22-24 | ” | 15-16 |
| 11 | ” | 41-45 | ” | 25-27 | ” | 17-18 |
| 12 | ” | 46-50 | ” | 28-30 | ” | 19-20 |
| 13 | Exodus<br>പുറപ്പാ. | 1-6 | ” | 31-33 | ” | 21-22 |
| 14 | ” | 7-11 | ” | 34-36 | ” | 23-24 |
| 15 | ” | 12-17 | ” | 37-39 | ” | 25-26 |
| 16 | ” | 18-24 | ” | 40-42 | ” | 27-28 |
| 17 | ” | 25-30 | ” | 43-45 | St. Mark<br>വി. മർക്കോ | 1-2 |
| 18 | ” | 31-35 | ” | 46-48 | ” | 3-4 |
| 19 | ” | 36-40 | ” | 49-51 | ” | 5-6 |
| 20 | Levitcus<br>ലേവ്യ. | 1-6 | ” | 52-54 | ” | 7-8 |
| 21 | ” | 7-11 | ” | 55-57 | ” | 9-10 |
| 22 | ” | 12-16 | ” | 58-60 | ” | 11-12 |
| 23 | ” | 17-22 | ” | 61-62 | ” | 13-14 |
| 24 | ” | 23-27 | ” | 63-65 | ” | 15-16 |
| 25 | Numbers<br>സംഖ്യ . | 1-6 | ” | 66-68 | St. Luke<br>വി. ലൂക്ക | 1-2 |
| 26 | ” | 7-14 | ” | 69-71 | ” | 3-4 |
| 27 | ” | 15-21 | ” | 72-74 | ” | 5-6 |
| 28 | ” | 22-29 | ” | 75-77 | ” | 7-8 |
| 29 | ” | 30-36 | ” | 78-80 | ” | 9-10 |
| 30 | Deuteronomy<br>നിയമാ. | 1-6 | ” | 81-83 | ” | 11-12 |
| 31 | ” | 7-11 | ” | 84-86 | ” | 13-14 |
| Aug<br>1 | ” | 12-17 | ” | 87-89 | ” | 15-16 |
| 2 | ” | 18-25 | ” | 90-93 | ” | 17-18 |
| 3 | ” | 26-30 | ” | 94-96 | ” | 19-20 |
| 4 | ” | 31-34 | ” | 97-100 | ” | 21-22 |
| 5 | Joshua<br>ജോഷ്വാ | 1-5 | ” | 101-103 | ” | 23-24 |
| 6 | ” | 6-11 | ” | 104-106 | St. John | 1-2 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വി. യോഹ. | |
| 7 | ” | 12-19 | ” | 107-109 | ” | 3-4 |
| 8 | ” | 20-24 | ” | 110-112 | ” | 5-6 |
| 9 | Judges<br>ന്യായാധി. | 1-9 | ” | 113-115 | ” | 7-8 |
| 10 | ” | 10-21 | ” | 116-118 | ” | 9-10 |
| 11 | Ruth<br>റൂത്ത് | | ” | 119 | ” | 11-12 |

## **100** *Days of Bible Reading 2020*

| | | | | | | |
|---|---|---|---|---|---|---|
| 12 | 1 Samuel<br>1 സാമു | 1-7 | Psalms<br>സങ്കി. | 120-123 | St. John<br>വി. യോഹ. | 13-14 |
| 13 | ” | 8-14 | ” | 124-126 | ” | 15-16 |
| 14 | ” | 15-23 | ” | 127-130 | ” | 17-18 |
| 15 | ” | 24-31 | | 131-133 | | 19-21 |
| 16 | 2 Samuel<br>2 സാമു | 1-7 | ” | 134-136 | Acts<br>അപ്പ. പ്രവർ. | 1-2 |
| 17 | ” | 8-15 | ” | 137-140 | ” | 3-4 |
| 18 | ” | 16-24 | ” | 141-143 | ” | 5-6 |
| 19 | 1 Kings<br>1രാജാ | 1-10 | ” | 144-147 | ” | 7-8 |
| 20 | ” | 11-17 | ” | 148-150 | ” | 9-10 |
| 21 | ” | 18-22 | Proverbs<br>സുഭാഷി. | 1-4 | ” | 11-12 |
| 22 | 2 Kings<br>2 രാജാ | 1-8 | ” | 5-7 | ” | 13-14 |
| 23 | ” | 9-17 | ” | 8-10 | ” | 15-16 |
| 24 | ” | 18-25 | ” | 11-13 | ” | 17-18 |
| 25 | 1 Chronicles<br>1 ദിനവൃ | 1-8 | ” | 14-16 | ” | 19-20 |
| 26 | ” | 9-17 | ” | 17-19 | ” | 21-22 |
| 27 | ” | 18-25 | ” | 20-22 | ” | 23-24 |
| 28 | 2 Chronicles<br>2 ദിനവൃ | 1-9 | ” | 23-25 | ” | 25-26 |
| 29 | ” | 10-17 | ” | 26-26 | ” | 27-28 |
| 30 | ” | 18-23 | ” | 29-31 | Romans<br>റോമ. | 1-2 |
| 31 | ” | 24-30 | Ecclesiastes<br>സഭാപ്രസ. | 1-3 | ” | 3-4 |
| September 1 | ” | 31-36 | ” | 4-6 | ” | 5-6 |
| 2 | Ezra<br>എസ്രാ | 1-10 | ” | 7-9 | ” | 7-8 |

| | | | | | | |
|---|---|---|---|---|---|---|
| 3 | Nehemia<br>നേഹമിയ | 1-13 | ” | 10-12 | ” | 9-10 |
| 4 | Tobit<br>തോബി. | 1-14 | Song of Solomon<br>ഉത്തമഗീ. | 1-3 | ” | 11-12 |
| 5 | Judit<br>യൂദിത് | 1-18 | ” | 4-8 | ” | 13-14 |
| 6 | ” | 9-16 | Wisdom<br>ജ്ഞാനം | 1-3 | ” | 15-16 |
| 7 | Ester<br>എസ്തേ | | ” | 4-6 | 1 Corinthians<br>1 കൊറി. | 1-2 |
| 8 | 1 Maccabes<br>1 മക്കബാ | 1-7 | ” | 7-9 | ” | 3-4 |
| 9 | ” | 8-16 | ” | 10-12 | ” | 5-6 |
| 10 | 2 Maccabes<br>2 മക്കബാ | 1-7 | ” | 13-15 | ” | 7-8 |
| 11 | ” | 8-15 | ” | 16-19 | ” | 9-10 |
| 12 | Job<br>ജോബ് | 1-10 | Sirach<br>പ്രഭാഷ | 1-2 | ” | 11-12 |
| 13 | ” | 11-22 | ” | 3-4 | ” | 13-14 |
| 14 | ” | 23-42 | ” | 5-6 | ” | 15-16 |
| 15 | Isaiah<br>ഏശയ്യ | 1-11 | ” | 7-8 | 2 Corinthians<br>2 കൊറി | 1-2 |
| 16 | ” | 12-27 | ” | 9-10 | ” | 3-4 |
| 17 | ” | 28-40 | ” | 11-12 | ” | 5-6 |
| 18 | ” | 41-51 | ” | 13-14 | ” | 7-8 |
| 19 | ” | 52-66 | ” | 15-16 | ” | 9-10 |
| 20 | Jeremiah<br>ജെറമിയ | 1-12 | ” | 17-18 | ” | 11-13 |
| 21 | ” | 13-27 | ” | 19-20 | Galatians<br>ഗലാത്തി | 1-6 |
| 22 | ” | 28-39 | ” | 21-22 | Ephesians<br>എഫേസൂസ് | 1-6 |
| 23 | Jeremiah<br>ജെറമിയ | 40-52 | Sirach<br>പ്രഭാഷ. | 23-24 | Philipians<br>ഫിലി. | 1-4 |
| 24 | Lamentations<br>വിലാപങ്ങൾ | 1-5 | ” | 25-26 | Colossians<br>കൊളോസോ. | 1-4 |
| 25 | Baruch<br>ബാറുക്ക് | 1-6 | ” | 27-28 | 1,2 Thessalonians<br>1, 2 തെസ്സലോ | |
| 26 | Ezekiel<br>എസെക്കി | 1-14 | ” | 29-30 | 1,2 Timothy<br>1, 2 തിമോ. | |
| 27 | ” | 15-23 | ” | 31-32 | Titus, Philemon<br>തീത്തോസ്, | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ഫിലമോ. | |
| 28 | ” | 24-36 | ” | 33-34 | Hebrews ഹെബ്രായ | 1-13 |
| 29 | ” | 37-48 | ” | 35-36 | James യാക്കോബ് | 1-5 |
| 30 | Daniel ദാനിയേൽ | 1-14 | ” | 37-38 | 1,2 Peter 1, 2 പത്രോസ് | |
| October 1 | Hosea ഹോസിയ | 1-14 | ” | 39 | 1,2,3 John, Judas 1, 2, 3 യോഹ, യൂദാ. | |
| 2 | Joel ജോയൽ | 1-3 | ” | 40 | Revelation വെളിപാ. | 1-4 |
| 3 | Amos ആമോസ് | 1-9 | ” | 41-42 | ” | 5-7 |
| 4 | Obadiah, Jonah ഒബാദിയ, ജോനാ. | | ” | 43-44 | ” | 8-11 |
| 5 | Micah മിക്ക | 1-7 | ” | 45-46 | ” | 12-14 |
| 6 | Nahum, Habakkuk നാഹും, ഹബകുക്ക് | | ” | 47-48 | ” | 15-16 |
| 7 | Zephania, Haggai സെഫാനി, ഹാഗായി | | ” | 49 | ” | 17-18 |
| 8 | Zacharaiah സക്കറിയ | 1-14 | ” | 50 | ” | 19-20 |
| 9 | Malachi മലാക്കി | 1-4 | ” | 51 | ” | 21-22 |

# കോവിഡ് 19
# സഹായഹസ്തം 5–ാം ഘട്ടം

കോവിഡ് 19 ന്റെ ഭാഗമായി ഇടവകയിലെ 75 കുടുംബംഗങ്ങൾക്ക് വിദ്യാഭ്യാസം, മരുന്ന്, വീട്ടുവാടക, അവശ്യവസ്തുക്കൾ എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കായി സാമ്പത്തിക സഹായം നല്കുകയുണ്ടായി. 150000 രൂപ ആവശ്യമായി വന്ന ഈ അഞ്ചാം ഘട്ടത്തിൽ പിതൃവേദി, മാതൃവേദി, SMYM എന്നീ സംഘടനകളും മറ്റ് ഉദാരമനസ്കരും സഹായഹസ്തവുമായി മുന്നോട്ടുവന്നു. ഏവർക്കും നന്ദി പറയുന്നു. ഈ 5–ാം ഘട്ട സഹായം നടപ്പിലാക്കാൻ അധ്വാനിച്ച കൈക്കാരന്മാർ, യൂണിറ്റ് ഭാരവാഹികൾ, പിതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർക്കും പ്രത്യേകം നന്ദി. ഏവരേയും പൊന്നു തമ്പുരാൻ അനുഗ്രഹിക്കട്ടെ. ശക്തിപ്പെടുത്തട്ടെ.

**തിരുഹൃദയ പ്രതിഷ്ഠ**

ഇടവകയിൽ ജൂൺ 15 തിങ്കൾ മുതൽ 28–ാം തിയതി ഞായർ വരെ തിരുഹൃദയ പ്രതിഷ്ഠ നടത്തി. വീടുകൾ വൃത്തിയാക്കിയും തിരുഹൃദയ രൂപം അലങ്കരിച്ചും ബൈബിൾ പ്രതിഷ്ഠിച്ചും ഭവനങ്ങൾ ഒരുക്കി. എല്ലാ ദിവസവും രാവിലെ 5.45 ന് ഓരോ ദിവസവും പ്രതിഷ്ഠിക്കുന്ന വീടുകളെ സമർപ്പിച്ചു ആരാധനനടത്തി. വൈകുന്നേരം 5 മണിമുതൽ 9 മണിവരെയായിരുന്നു പ്രതിഷ്ഠയും വെഞ്ചരിപ്പും. ഈ കോവിഡ് 19 കാലഘട്ടത്തിൽ എല്ലാ ഭവനങ്ങളിലും വരാൻ സാധിച്ചതിൽ ദൈവത്തിന് നന്ദി പറയുന്നു. ഇതിനു നേതൃത്വം നല്കിയ യൂണിറ്റ് ഭാരവാഹികൾക്കും, കൈക്കാരന്മാർക്കും, ഭക്ഷണം ഒരുക്കിയ കുടുംബങ്ങൾക്കും നന്ദി. വരിസംഖ്യ നോമ്പുകാല ചെപ്പ് എന്നിവ നല്കി എല്ലാവരും സഹകരിച്ചു. കുടുംബാംഗങ്ങൾ എല്ലാവരും വെഞ്ചരിപ്പു സമയത്ത് ഭവനങ്ങളിൽ ഉണ്ടായിരുന്നു. യേശുവിൻ തിരുഹൃദയമേ ഞങ്ങളെ കാത്തു സംരക്ഷിക്കണമേ.

**SMYM അഭിനന്ദനങ്ങൾ**

ഇടവക എസ്.എം. വൈ.എം. ഈ ലോക്ഡൗൺ കാലഘട്ടത്തിൽ വിവിധ മത്സരങ്ങൾക്കു നേതൃത്വം നൽകി. Solo song, Bible Verse

Writing, Bible Quiz, Craft Making എന്നീ മത്സരങ്ങൾക്ക് നേതൃത്വം നൽകിയ കൊച്ചച്ചനും SMYM ഭാരവാഹികൾക്കും പങ്കെടുത്ത യുവജനങ്ങൾക്കും അവരെ പ്രോത്സാഹിപ്പിച്ച മാതാപിതാക്കൾക്കും പ്രത്യേകം നന്ദി പറയുന്നു. സമ്മാനാർഹരായ എല്ലാ യുവജനങ്ങൾക്കും അഭിനന്ദനങ്ങൾ.

**മാതൃവേദി മദ്ധ്യസ്ഥപ്രാർത്ഥനയും പരസ്പര സഹായനിധിയും**

സ്നേഹം നിറഞ്ഞ അമ്മമാരേ, മാതൃവേദിയുടെ മദ്ധ്യസ്ഥ പ്രാർത്ഥന ഇടവകയിൽ ഒരുമിച്ചുകൂടി നടത്താൻ സാധിക്കാത്ത സാഹചര്യത്തിൽ എല്ലാ വ്യാഴാഴ്ചകളിലും വീടുകളിൽ ആയിരുന്നുകൊണ്ട് 10 മണി മുതൽ 12 മണിവരെയുള്ള സമയം പ്രാർത്ഥനയ്ക്കായി മാറ്റി വയ്ക്കണം. ജപമാല, കുരിശിന്റെ വഴി, കരുണക്കൊന്ത, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ നടത്തി ഈ കൊറോണ കാലഘട്ടത്തെ അതിജീവിക്കാൻ കുടുംബാംഗങ്ങൾക്കുവേണ്ടിയും ഇടവകയ്ക്കും ലോകം മുഴുവനുവേണ്ടിയും പ്രാർത്ഥിക്കണമെന്ന് ഓർമ്മപ്പെടത്തുന്നു. എല്ലാ അമ്മമാരും പ്രാർത്ഥനയിൽ സജീവമായി പങ്കെടുക്കുമല്ലോ.

b. മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട പരസ്പര സഹായ നിധിയുടെ ഒന്നാംഘട്ടം ഭംഗിയായി പൂർത്തീകരിച്ചു. എല്ലാ അമ്മമാർക്കും പ്രത്യേകം നന്ദി . നേതൃത്വം നല്കിയ ഗ്രൂപ്പ് ലീഡേഴ്സിനും, ഭാരവാഹികൾക്കും അംഗങ്ങളായി ചേർന്നവർക്കും നന്ദി പറയുന്നു. ഇതിന്റെ രണ്ടാംഘട്ടം തുടങ്ങാൻ നമുക്ക് പരിശ്രമിക്കാം.

c. ലോഗോസ് ക്വിസ്സിൽ അമ്മമാർ ആവേശത്തോടെ പങ്കെടുക്കുകയും, കുട്ടികൾ , യുവജനങ്ങൾ, ജീവിതപങ്കാളി എന്നിവരെ ഇതിനായി ഒരുക്കുകയും ചെയ്യുക.

d. ബൈബിൾ പാരായണം കുടുംബങ്ങളിൽ എല്ലാവരും നടത്തി. ഈ കൊറോണ വൈറസ് ബാധയിൽ നിന്ന് നമുക്ക് മുക്തിനേടാം. ഉത്സാഹത്തോടെ വചനം വായിക്കാൻ പരിശ്രമിക്കുക.

**സിമിത്തേരി ശുചീകരണം**

ലോക്ഡൗൺ കാലഘട്ടത്തിൽ ഇടവകയിലെ പിതൃവേദി എസ്. എം. വൈ.എം അംഗങ്ങളുടെ നേതൃത്വത്തിൽ ഇടവക സിമിത്തേരി രണ്ടുതവണ ശുചീകരണം നടത്തി. ഇതിനു നേതൃത്വം നല്കിയ കൈക്കാരന്മാർക്കും പങ്കെടുത്ത എല്ലാവർക്കും പ്രത്യേകം നന്ദിയും അഭിനന്ദ

നവും സിമിത്തേരി ഭംഗിയായി സൂക്ഷിക്കാൻ നമുക്ക് പരിശ്രമിക്കാം.

**കോവിഡ് 19 സഹായഹസ്തം 6-ാം ഘട്ടം**

ഇടവകയുടെ 6-ാംഘട്ട കോവിഡ് 19 സഹായം നല്കിയത് ആറ് അനാഥാലയങ്ങളിലേയ്ക്കാണ്. ഇതിന് സാമ്പത്തിക സഹായം നൽകിയവർക്കും, ക്ലീനിംഗ് സാമഗ്രികൾ പലവ്യഞ്ജനകിറ്റുകൾ, മാസ്കുകൾ എന്നിവ നല്കിയവർക്കും നന്ദി പറയുന്നു. തുടർന്നും സഹായങ്ങൾ നല്കാൻ നമുക്ക് പരിശ്രമിക്കാം.

1. Zion illam-Jyothipuram Karamadai
2. Mother theresa peace Home Thirupur
3. Ashraya Bala Bhavan- Maruthamalai
4. St. Joseph Old Age Home. Podanur
5. Assisi Snehalaya Chavady
6. Sehalayam- Pollachi

ഈ ഭവനങ്ങളിൽ അന്തേവാസികളായി കഴിയുന്ന 250 ൽപരം മക്കൾക്ക് ഇതിലൂടെ പ്രയോജനമുണ്ടായി. ഇതിന് നേതൃത്വം നൽകിയ കൈക്കാരന്മാർക്കും സ്പോൺസർ ചെയ്തവർക്കും പ്രത്യേകം നന്ദി പറയുന്നു.

**മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന് പ്രാർത്ഥനാശംസകൾ**

നമ്മുടെ മാതൃരൂപതയായ പാലക്കാട് രൂപതയുടെ സഹായമെത്രാനായി 2020 ജൂൺ 18-ാം തിയതി അഭിഷിക്തനായ മാർ പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന് ഇടവകയുടെ പ്രാർത്ഥനാശംസകൾ. പിതാവിന്റെ പ്രവർത്തനമേഖലകളിൽ പരിശുദ്ധാത്മാവിന്റെ നിറവിനായി പ്രാർത്ഥിക്കാം.

**നാമഹേതുക തിരുനാൾ ആശംസകൾ**

ജൂലൈ 25-ാം തിയതി നാമഹേതുക തിരുനാൾ ആഘോഷിച്ച നമ്മുടെ മാതൃരൂപതാധ്യക്ഷൻ മാർ ജേക്കബ് മനത്തോടത്ത് പിതാവിന് ഇടവകയുടെ പ്രാർത്ഥനാശംസകൾ.

**ഈശോയുടെ തിരുഹൃദയതിരുനാളും മാതാവിന്റെ വിമലഹൃദയ പ്രതിഷ്ഠയും**

ഈശോയുടെ തിരുഹൃദയ പ്രതിഷ്ഠയും മാതാവിന്റെ വിമലഹൃദയപ്രതിഷ്ഠയും ഇടവകയിൽ നടത്തി. ജൂൺ 19-ാം തിയ്യതി തിരുഹൃദയ പ്രതിഷ്ഠതിരുനാളും ജൂൺ 20-ാം തിയ്യതി മാതാവിന്റെ വിമല ഹൃദയ പ്രതിഷ്ഠയും നടത്തുകയുണ്ടായി.

# മതബോധനാവാർത്തകൾ

**ആവേശമുണർത്തി ഓൺലൈൻ വിശ്വാസ പരിശീലനം**

കോവിഡ് 19 കാലഘട്ടത്തിൽ താല്കാലികമായി നടത്തപ്പെടുന്ന ഓൺലൈൻ വിശ്വാസപരിശീലനത്തിന് ഇടവകയിൽ ആവേശകരമായ പ്രതികരണമാണ് ലഭിക്കുന്നത്. ഇതിനായി  അധ്വാനിക്കുന്ന എല്ലാ മതാധ്യാപകർക്കും പ്രത്യേക അഭിനന്ദനങ്ങൾ. വാട്ട്സ്ആപ്, ഗൂഗുൾ മീറ്റ്, യൂ ട്യൂബ് എന്നീ ഓൺലൈൻ സംവിധാനങ്ങളിലൂടെ വിശ്വാസപ രിശീലനത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും അവരെ പ്രോത്സാ ഹിപ്പിക്കുന്ന മാതാപിതാക്കൾക്കും പ്രത്യേക നന്ദി... എല്ലാ ഞായറാ ഴ്ചയും രാവിലെ 8 മണിമുതൽ 10 മണിവരെയാണ് വിശ്വാസപരിശീലന ത്തിന് സമയം ക്രമീകരിച്ചിരിക്കുന്നത്. കുട്ടികളുടെ Attendence, വിശു ദ്ധരെ പരിചയപ്പെടുത്തൽ , പഠനഭാഗം എന്നിവ ഓൺലൈൻ ക്ലാസ്സുക ളിലൂടെ നടത്തപ്പെടുന്നു.

**ലോഗോസ് ക്വിസ്സ്**

ഈ വർഷത്തെ ലോഗോസ്  ക്വിസ്  സെപ്തംബർ 27-ാം തിയതി ഞായറാഴ്ച നടത്തപ്പെടുന്നതാണ്. മതാധ്യാപകരും മാതാപിതാക്കളും കുട്ടികളെ നന്നായി ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**തിരുബാലസഖ്യം (Holy childhood) ആനിമേററർ**

തിരുബാലസഖ്യം (Holy childhood) സംഘടനയുടെ ആനിമേറ്ററായി തിരഞ്ഞെടുക്കപ്പെട്ട റവ. സി. ജോളി എഫ്.സി.സി (FCC)യ്ക്ക് അഭിന ന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

**നാഥന്റെ സ്വരം ശ്രവിച്ച്**

നമ്മുടെ ഇടവകാംഗങ്ങളായ ബ്ര. ആന്റണി (S/o തോമസ് പ്രഭു+ ഫിലോ, സെന്റ് തോമസ് യൂണിറ്റ്) ബ്ര. അമൽ പോൾ കാവുങ്കൽ (S/o

പോൾ + മേരി, സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്) നമ്മുടെ രൂപതാ സെമിനാരിയിൽ ചേർന്ന് വൈദികപഠനം ആരംഭിച്ചിരിക്കുന്നു. രണ്ടു സഹോദരങ്ങൾക്കുവേണ്ടി ദിനവും നമുക്ക് പ്രാർത്ഥിക്കാം. മക്കളെ വൈദിക ജീവിതത്തിലേയ്ക്കു നല്കിയ മാതാപിതാക്കളെ അഭിനന്ദിക്കാം.

**ഓഗസ്റ്റ് 4 വി. ജോൺ മരിയ വിയാനി**

വൈദികരുടെയും വൈദികാർത്ഥികളുടെയും മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ഓഗസ്റ്റ് 4-ാം തിയതി ആചരിക്കുന്നു. നമ്മുടെ ഇടവകയിൽ സേവനം ചെയ്ത വൈദികരേയും വൈദിക ജീവിതത്തിലേയ്ക്ക് പ്രവേശിക്കുവാൻ പഠിക്കുന്നവരേയും പ്രത്യേകമായി നമ്മുടെ വികാരിയച്ചനെയും കൊച്ചച്ചനേയും ഓർത്ത് പ്രാർത്ഥിക്കാം. വി. ജോൺ മരിയ വിയാനി നാമധാരികൾക്കും കുടുംബ യൂണിറ്റിനും തിരുനാൾ മംഗളങ്ങൾ

**എട്ട്നോമ്പ്- മാതാവിന്റെ ജനനതിരുനാൾ**

സെപ്റ്റംബർ 1-ാം തിയതി  മുതൽ പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോടനുബന്ധിച്ചുള്ള എട്ടുനോമ്പ് ആരംഭിക്കുന്നു. എട്ടുദിവസം നോമ്പെടുത്ത് പ്രാർത്ഥിച്ച് അനുഗ്രഹം പ്രാപിക്കാം. പരി. അമ്മയുടെ ജനനതിരുനാൾ മംഗളങ്ങൾ ഏവർക്കും നേരുന്നു.

# SMYM




**Binto VJ**
President



**Geo Varghese**
Secretary



**David George**
Treasurer



**Neena Theresa PJ**
Vice president



**Angel Treesa K V**
Joint secretary

As part of charitable activity the SMYM members extended their helping hands towards the farmers in Attapady, by selling banana bunches (Nenthra kaaya kula) and Jackfruits to our parish members. A cultural competition named TALENTO 2K20 was organised by our SMYM Members in the month of June as part of lockdown activity. SMYM members of our parish showed a special interest in all competitions, and showed their active participation which made this a great success.

# സംഘടനാവാർത്തകൾ

**മാതൃവേദി**

**നാമഹേതുക തിരുനാൾ**

ജൂലൈ 3-ാം തിയ്യതി നാമഹേതുക തിരുനാൾ ആഘോഷിച്ച ബഹു വികാരിയച്ചനും, ജൂൺ 13-ാം തിയ്യതി നാമഹേതുകതിരുനാൾ ആഘോഷിച്ച ബഹു. കൊച്ചച്ചനും ആനിമേററർ സിസ്റ്ററിന്റെ നേതൃത്വത്തിൽ ഭാരവാഹികൾ ആശംസകൾ നേരുകയും ഉപഹാരം നൽകുകയും കേക്ക് മുറിച്ച് സന്തോഷം പങ്കിടുകയും ചെയ്തു.

**2. പരസ്പരസഹായനിധി**

ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ ഇടവക മാതൃവേദി ആരംഭിച്ച പരസ്പര സഹായനിധി വിജയകരമായി പൂർത്തികരിച്ചു. ഇതിലൂടെ പല അമ്മമാരെയും സാമ്പത്തികമായി സഹായിക്കാൻ സംഘടനയ്ക്ക് സാധിച്ചു. ഈ സഹായനിധിയുടെ നടത്തിപ്പിനായി പ്രവർത്തിച്ച ആനിമേറ്റർ സിസ്റ്ററിനും മാതൃവേദിയുടെ ഭാരവാഹികൾക്കും (മുൻഭാരവാഹികൾക്കും) ഗ്രൂപ്പ് ലീഡേഴ്സിനും സഹായനിധിയിൽ പങ്കുചേർന്ന എല്ലാ അംഗങ്ങൾക്കും ഹൃദ്യമായ നന്ദി.

**Paraspara Sahayanidhi**

**Special Thanks to**

Rev. Fr. Thomas Kavungal

Rev. Fr. Alfin Manvualan V.C

Rev. Sr. Mary Anto FCC

Office Bearers (Old and New)

**Group Leaders**

| | |
|---|---|
| A. Group | Mrs. Baby Davis |
| B. Group | Mrs. Siji Biju |
| C. Group | Mrs. Fenila Joju |
| D. Group | Mrs. Clara Antony |
| E. Group | Mrs. Catherin Romeo |
| F. Group | Mrs. Juby Benny. |

ഓഗസ്റ്റ് 4-ാം തിയ്യതി വി. ജോൺമരിയ വിയാനിയുടെ തിരുനാൾ ആഘോഷിക്കുന്നു. നമ്മുടെ ഇടവകയിലെ എല്ലാ വൈദികർക്കും ഇട

വകയിൽ സേവനം ചെയ്ത എല്ലാ വൈദികർക്കും നമ്മുടെ വികാരി ബഹു. തോമസ് കാവുങ്കലച്ചനും കൊച്ചച്ചൻ ബഹു. ആൽഫിൻ മണ വാളൻ അച്ചനും എല്ലാ വൈദികാർത്ഥികൾക്കും മാതൃവേദിയുടെ പ്രാർത്ഥനാശംസകൾ..

**4. കൈത്താങ്ങ്**

കോവിഡ് 19 ന്റെ ഭാഗമായി ഇടവക ജീവകാരുണ്യ പ്രവർത്തന സഹാ യനിധിയിലേക്ക് 10.000 രൂപ ബഹു. വികാരിയച്ചനെ ഏൽപിച്ചു.

**മാസ്ക്ക് നിർമ്മാണം**

കൊറോണ മഹാമാരിയുടെ സമൂഹവ്യാപനം തടയുന്നതിന്റെ ഭാഗ മായി ലോക്ക്ഡൗൺ കാലഘട്ടത്തിൽ മാതൃവേദി അംഗങ്ങൾ ഏക ദേശം 1300 ഓളം മാസ്ക്കുകൾ തയ്ച്ച് ഇടവകയിലെ ഓരോ കുടുംബ ത്തിനും വിതരണം ചെയ്തു. ഇതിന് പലവിധത്തിൽ സഹായ സഹകര ണങ്ങൾ നല്കിയ എല്ലാ അമ്മമാർക്കും നന്ദിയുടെ കൂപ്പുകൈ.

**മാസ്ക്കുകൾ തയ്ച്ചു സഹായിച്ച അമ്മമാരുടെ പേരുകൾ.**

| | |
|---|---|
| St .Alphonsa Unit | Mrs. Molly Mathew |
| St. Antony | Mrs. Reema John paul |
| St. Francis Xavier | Mrs. Sherly Varghese |
| St. John Mariya Vianey | Mrs. Santha Williams |
| St. Mary's Unit | Mrs. Usha Francis , Mrs Shini Fredrick |
| St. Paul | Mrs. Shiji Sebastian, Mrs. Jincy Daries |
| St. Peter | Mrs. Baby Davis |
| | Mrs. Molly Joy |
| | Mrs. Lissy Joseph |
| | Mrs. Rose Mol Antony |
| | Mrs. Reetha Mathew |
| St. Sebastian Unit | Mrs Mary Paul, Mrs. Suncy Shaju, |
| | Mrs. Linda Jose |
| St. Vincent de paul | Mrs. Adline Sunil |
| | Mrs. Alice Davis |

**വ്യാഴാഴ്ച പ്രാർത്ഥന**

അമ്മമാർ വ്യാഴാഴ്ചകളിൽ നടത്തിയിരുന്ന മദ്ധ്യസ്ഥപ്രാർത്ഥന കോവിഡ് 19 ന്റെ സാഹചര്യത്തിൽ ദേവാലയത്തിൽ വച്ച് പ്രാർത്ഥിക്കു

വാൻ സാധിക്കാത്തതിനാൽ 10 മണി മുതൽ 12 മണി വരെ അവരവരുടെ ഭവനങ്ങളിൽ ആയിരുന്നുകൊണ്ട് പ്രാർത്ഥിക്കണം.

**ജീവകാരുണ്യ പ്രവർത്തനം**

നോമ്പുകാല പരിത്യാഗത്തിന്റെ ഭാഗമായി കാരമടയിലുള്ള "കരുണൈ ഇല്ലം" സന്ദർശിക്കുവാൻ തീരുമാനിച്ചിരുന്നു. എങ്കിലും കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പോകുവാൻ സാധിക്കാത്തതിനാൽ അതിനു വേണ്ടി സമാഹരിച്ച തുക അവിടേക്കു നൽകുവാൻ ആയി ബഹു ആനി മേറ്റർ സിസ്റ്ററിനെ ഭാരവാഹികളും എക്സിക്യൂട്ടീവ് അംഗങ്ങളും ചേർന്ന് ഏൽപ്പിച്ചു. ഇതിലേക്ക് സഹായഹസ്തങ്ങൾ നീട്ടിയ എല്ല അമ്മമാർക്കും നന്ദി പറയുന്നു.

**ഞങ്ങൾ ഒന്നായി**

1. സെന്റ് പോൾ യൂണിറ്റ് ചിറ്റിലപ്പിള്ളി പൗലോസ് + ഷീന മകൻ ക്ലിന്റോ പൗലോസും (Clinto) നക്കുഴിക്കാട്ട് അഗസ്റ്റിൻ + ഷേർളി മകൾ ജെഫിയും (Jeffy) 14.06.2020 ൽ വിവാഹിതരായി.

2. സെന്റ് തോമസ് യൂണിറ്റ് പുലിക്കോട്ടിൽ ജെയിംസ് + റോസ്‌ലിന്റ് മകൾ സിസിൽ സിന്ധ്യയും (Cicil Cynthia) ഇടയാർപാളയം ഇൻഫന്റ് ജീസസ് ഇടവക കണ്ണമ്പുഴ സണ്ണി + മേരി മകൻ നവീൻ സണ്ണിയും 21.06.2020 ൽ വിവാഹിതരായി. നവദമ്പതികൾക്ക് ഇടവകയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും.

**ദൈവസന്നിധിയിലേക്ക്**

സെന്റ് തോമസ് യൂണിറ്റ് പോനൂർ ആന്റണി ഭാര്യ വാസന്തി മേരി 02.06.2020 ന് കർത്താവിൽ നിദ്രപ്രാപിച്ചു. സഹോദരിയുടെ ആത്മശാന്തിക്കായി നമുക്ക് പ്രാർത്ഥിക്കാം.

**ആദരാജ്ഞലികൾ - റവ. ഫാ. പോൾ പള്ളിപ്പാടൻ CMI**

നമ്മുടെ ഇടവകയിൽ 1981-82 കാലഘട്ടങ്ങളിൽ വികാരിയായി സേവനം ചെയ്ത ബഹുമാനപ്പെട്ട പോൾ പള്ളിപ്പടനച്ചൻ CMI 15.07.2020 ന് ദൈവസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. മൃതസംസ്കാര ശുശ്രൂഷകൾ 16.07.2020 ന് മരുതമല സി. എം.ഐ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. അച്ചൻ നമുടെ ഇടവക ഗായകസംഘം രൂപീകരിക്കുകയും രണ്ടു വർഷക്കാലം സ്തുത്യർഹ സേവനം അനുഷ്ഠിക്കുകയും ചെയ്തു. അച്ചന്റെ സേവനങ്ങളെ അനുസ്മരിക്കാം. ആത്മാശാന്തിക്കായി പ്രാർത്ഥിക്കാം.

## ലോഗോസ് ക്വിസ് ജൂൺ മാസത്തിലെ ചോദ്യങ്ങളുടെ ശരിയുത്തരങ്ങൾ

### നിയമാവർത്തനം

1. അമോന്യരുടെയും മൊവാബ്യരുടെയും (നിയമ.23.2)
2. അയൽക്കാരന്റെ മുന്തിരിതോട്ടത്തിലൂടെ കടന്നു പോകുമ്പോൾ (നിയ 23.24)
3. ഈജിപ്തുക്കാരുടെ (23.7)
4. പരിശുദ്ധമായി (23.14)
5. അയൽക്കാരന്റെ ഗോതമ്പുവയലിലൂടെ കടന്നുപോകുമ്പോൾ (23.25)
6. നിന്റെ സഹോദരന് (23.19)
7. അമോന്യരും മൊവാബ്യരും (23.4)
8. നേരുന്ന നേർച്ചകൾ (23.21)
9. ഏദോമ്യർ (23.7)
10. ദേവദാസികൾ (23.17)

### പ്രഭാഷകൻ

1. വീഞ്ഞും സ്ത്രീയും (19.2)
2. തിന്മയിൽ നിന്ന് (19.6)
3. പ്രസവ വേദനഅനുഭവിക്കുന്ന സ്ത്രീയേപോലെ
4. വേഷം, ചിരി, നടപ്പ് (19.30)
5. ദൈവഭയമുള്ള ബുദ്ധിഹീനൻ (19:24)

### വി. മർക്കോസ്

1. ഫരിസേയരിൽപ്പെട്ട ചില നിയമജ്ഞർ ശിഷ്യന്മാരോട് (2:16)
2. കാഴ്ചയപ്പം (2:26)
3. ജനക്കൂട്ടത്തെ (2.13)
4. മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു (2:5)
5. ഫരിസേയർ യേശുവിനോട് പറഞ്ഞു ശിഷ്യന്മാർ കതിരുകൾ പറിച്ചത് (2:24)

### 1 കോറിന്തോസ്

1. വിവേചിച്ചറിയുന്നു (2:15)
2. ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി (2:9)
3. വിജ്ഞാനം കൊണ്ട് (2:4)
4. ദൈവിക ശക്തി (2:5)
5. വാഗ്വിലാസത്താലോ വിജ്ഞാനത്താലോ (2:11)

# ലോഗോസ് ക്വിസ്

**നിയമാവർത്തനം അദ്ധ്യായം 24,25,26, 27**

1. എങ്ങനെയുള്ളവരെയാണ് സൈനീക സേവനത്തിനോ പൊതുപ്രവർത്തനത്തിനോ നിയോഗിക്കരുത് എന്നു പറയുന്നത്?

ഉ. പുതുതായി വിവാഹം ചെയ്ത പുരുഷനെ

2. എന്താണ് ജീവൻ പണയം വാങ്ങുന്നതിന് തുല്യമാണ് എന്നു പറയുന്നത്?

ഉ. തിരികല്ലോ അതിന്റെ മേൽക്കല്ലോ പണയം വയ്ക്കുന്നത്.

3. അവൻ നിനക്കെതിരായി കർത്താവിനോട് നിലവിളിച്ചാൽ നീ കുറ്റക്കാരനായി തീരും ആര്?

ഉ. അഗതിയും ദരിദ്രനുമായ കൂലിക്കാരൻ.

4. നിങ്ങൾ ഈജിപ്തിൽ നിന്നു പോരുന്ന വഴിക്കു നിങ്ങളുടെ ദൈവമായ കർത്താവ് ആരോട് ചെയ്തത് ഓർത്തുകൊള്ളുക എന്നാണ് മോശ ഇസ്രായേൽക്കാരോട് പറയുന്നത്?

ഉ. മിരിയാമിനോട്

5. എന്തിന്റെ അടിസ്ഥാനത്തിലായിരിക്കണം കുറ്റക്കാരന് അടി നൽകേണ്ടത്?

ഉ. കുറ്റത്തിന്റെ ഗൗരവമനുസരിച്ച്

6. മെതിക്കുന്ന ഏതുമൃഗത്തിന്റെ വായാണ് കെട്ടരുത് എന്നു പറയുന്നത്?

ഉ. കാള

7. സഹോദരന്മാർ ഒരുമിച്ചു താമസിക്കുമ്പോൾ അവരിലൊരാൾ പുത്രനില്ലാതെ മരിച്ചുപോയാൽ അവന്റെ ഭാര്യ ആരെയാണ് വിവാഹം കഴിക്കേണ്ടത്?

ഉ. ഭർത്താവിന്റെ സഹോദരനെ

8. നിന്റെ നിലത്തുണ്ടാകുന്ന എല്ലാ വിളവുകളുടെയും ആദ്യഫലങ്ങൾ നിന്റെ ദൈവമായ കർത്താവ് തന്റെ നാമം സ്ഥാപിക്കാൻ തിരഞ്ഞെടുക്കുന്ന സ്ഥലത്തേക്ക് എങ്ങനെയാണ് കൊണ്ടുപോകേണ്ടത്?

ഉ. ഒരു കുട്ടയിലാക്കി

9. അലയുന്ന ഒരു അരമായനായിരുന്നു എന്റെ പിതാവ് ചുരുക്കം പേരോടുകൂടെ അവൻ ഈജിപ്തിൽ ചെന്ന് അവിടെ പരദേശിയായി പാർത്തു എന്നു എവിടെ വച്ചാണ് നീ പറയേണ്ടത്?

ഉ. നിന്റെ ദൈവമായ കർത്താവിന്റെ സന്നിധിയിൽ നിന്ന്

10. താൻ സൃഷ്ടിച്ച സകല ജനതകൾക്കും ഉള്ളതിനേക്കാൾ അവിടുന്ന്

എന്താണ് ഇസ്രായേൽക്കാർക്ക് നൽകുമെന്ന് മോശ പറയുന്നത്?

ഉ. ഉന്നതമായ നാമവും ബഹുമതിയും

11. എബാൽ പർവ്വതത്തിൽ എത്തുമ്പോൾ എങ്ങനെയുള്ള കല്ലുകൾ കൊണ്ടാണ് ദൈവമായ കർത്താവിനു ബലിപീഠം പണിയേണ്ടത്?

ഉ. വെട്ടിമുറിക്കുകയോ ചെത്തിമിനുക്കുകയോ ചെയ്യാത്ത മുഴുവൻ കല്ലുകൾ കൊണ്ട്

12. ജനത്തെ അനുഗ്രഹിക്കാനായി ശിമയോൻ, ലേവി യൂദാ ഇസാക്കർ, ജോസഫ്, ബഞ്ചമിൻ എന്നിവർ ഏതു പർവ്വതത്തിലാണ് നിൽക്കേണ്ടത്?

ഉ. ഗരിസിം പർവ്വതത്തിൽ

13. ജനത്തെ ശപിക്കാനായി റൂബൻ ഗാദ് ആഷേർ സെബുലൂൺ, ദാൻ , നഫ്താലി എന്നിവർ ഏതു പർവ്വതത്തിലാണ് നിൽക്കേണ്ടത്?

ഉ. ഏബൽ പർവ്വതത്തിൽ

14. ആരെ കൊല്ലാൻ കൈക്കൂലി വാങ്ങുന്നവരെ ആണ് ശപിക്കപ്പെട്ടവർ എന്നു പറയുന്നത്

ഉ. നിർദോഷനെ

15. ആരെ നിന്ദിക്കുന്നവനാണ് ശപിക്കപ്പെട്ടവൻ എന്നു നിയമാവർത്തനം 27.16 ൽ പറയുന്നത്

ഉ. അപ്പനെയോ അമ്മയെയോ

**പ്രഭാഷകൻ 20**

1. മൗനം അവലംബിക്കുന്നവനെ ആരെന്നാണ് പ്രഭാഷകൻ 20.1 ൽ പറയുന്നത്?

ഉ. ബുദ്ധിമാൻ

2. ഉചിതമായ സമയം വരെ ബുദ്ധിമാൻ മൗനം പാലിക്കുമെങ്കിൽ ആർക്ക് സമയ നോട്ടമില്ല എന്നാണ് പ്രഭാഷകൻ പറയുന്നത്?

ഉ. പൊങ്ങച്ചക്കാരനും, ഭോഷനും

3. അജ്ഞന്റെ അധരത്തിൽ കാണുന്ന വികൃതമായ കറ എന്താണ്?

ഉ. നുണ

4. എന്താണ് ഒരുവനെ പാപത്തിൽ നിന്ന് അകറ്റി നിർത്തുന്നതും വിശ്രമവേളയിൽ മനസാക്ഷി അവനെ അലട്ടാത്തതും?

ഉ. ദാരിദ്ര്യം

5. എനിക്ക് സ്നേഹിതന്മാരുമില്ല എന്റെ സത് പ്രവൃത്തികൾക്കു പ്രതിഫലം ലഭിക്കുന്നില്ല. എന്റെ അപ്പം ഭക്ഷിക്കുന്നവൻ എന്നെ നിന്ദിക്കുന്നു. ആരാണ് ഇപ്രകാരം പറയുന്നത്?

ഉ. ഭോഷൻ

**മർക്കോസ് അദ്ധ്യായം 3,4.**

1. മർക്കോസിന്റെ സുവിശേഷമനുസരിച്ച് യേശു പന്ത്രണ്ട് അപ്പസ്തോലന്മരെ നിയോഗിച്ചത് എന്തിനു വേണ്ടിയായിരുന്നു?

ഉ. തന്നോടുകൂടി ആയിരിക്കുന്നതിനും പ്രസംഗിക്കാൻ അയക്കുന്നതി നും പിശാചുക്കളെ ബഹിഷ്കരിക്കാൻ അധികാരം നല്കുന്നതിനുമായി.

2. യേശു ആരുടെ നേരെ നോക്കിക്കൊണ്ടാണ് ഇതാ എന്റെ അമ്മയും സഹോദരങ്ങളും എന്നു പറഞ്ഞത്?

ഉ. ചുറ്റും ഇരിക്കുന്നവരെ നോക്കിക്കൊണ്ട്

3. മർക്കോസിന്റെ സുവിശേഷത്തിലെ ആദ്യത്തെ ഉപമ ഏത്?

ഉ. വിതക്കാരന്റെ ഉപമ

